# സംയോജിത ശിശു സംരക്ഷണ പദ്ധതി ,കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി -മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

## (ഹാജർ :ശ്രീമതി അനുപമ T.V IAS ,ഡയറക്ടർ സാമൂഹ്യ നീതി വകുപ്പ്)

വിഷയം:- സാമൂഹ്യ നീതി വകുപ്പ്-ICPS-വിവിധ ഘടകങ്ങളിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് കം ഡേറ്റ എൻട്രി ഓപ്പറേറ്ററുടെ കാറ്റഗറി നിശ്ചയിച്ച് സാലറി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം :-1.സർക്കാർ ഉത്തരവ് നം GO(P)28/2016/Fin തീയതി 26/02/2016

2.സർക്കാർ കത്ത് നം:86/A2/2016 സ.നീവ തീയതി 01/06/2016

3.സ.ഉ (സാധ) നമ്പർ 257/2017 സ.നീവ തീയതി 27/04/2017

**ഉത്തരവ് നമ്പർ- ICPS-4(B)/8916/17 തീയതി: 06/05/2017**

സർക്കാർ കാര്യാലയങ്ങളിൽ കരാർ ദിവസ വേതന അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ തസ്തികകൾ കാറ്റഗറി തിരിച്ച് ശമ്പളം വർദ്ധിപ്പിച്ച്കൊണ്ട് മേൽ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഘടകങ്ങളായ ചൈൽഡ് വെൽഫെയർ കമ്മറ്റി (CWC), ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB) എന്നിവയിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റൻറ് കം ഡേറ്റ എൻട്രി ഓപ്പറേറ്ററർമാരെ മേൽ പരാമർശം (2) അടിസ്ഥാനത്തിലും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (SCPS), സ്റ്റേറ്റ് പ്രോജക്ട് സപ്പോർട്ട് യുണിറ്റ് (SPSU), ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻസ് (ORC) എന്നി ഘടകങ്ങളിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റൻറ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർമാരെ മേൽ പരാമർശം (3) അടിസ്ഥാനത്തിലും കാറ്റഗറി 3-ൽ ഉൾപ്പെടുത്തി പ്രതിമാസ ശമ്പളം 19,000/- രൂപയായി വർദ്ധിപ്പിച്ച്കൊണ്ടും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന് 01/04/2016 മുതൽ മുൻ കാല പ്രാബല്യം നൽകിയിരുന്നു. ഈ സാഹചര്യത്തിൽ ഐ.സി.പി.എസ്-ന്റെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിലും സമാന തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വരുത്താവുന്നതാണ്.

ആയതിനാൽ മേൽ പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനിതാ വികസന മന്ത്രാലയവും സാമൂഹ്യ നീതി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഘടകങ്ങളായ SPSU, SCPS, DCPU, ORC എന്നീ ഘടകങ്ങളിൽ ദിവസ വേതനം / കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റൻറ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർമാരെ മേൽ പരാമർശം (1) സർക്കാർ ഉത്തരവിലെ കാറ്റഗറി 3-ൽ ഉൾപ്പെടുത്തി പ്രതിമാസ ശമ്പളം 19,000/- രൂപയായി 01/04/2016 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ച്കൊണ്ട് ഉത്തരവാകുന്നു.

(PTO)

നിലവിൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരമാണ് ജീവനക്കാർക്ക് സാലറി അനുവദിച്ച് വരുന്നത്. ടി തുകയുടെ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. മേൽ പരാമർശം (2), (3) ഉത്തരവുകൾ നടപ്പിലാക്കുന്നതിലൂടെ അധികമായി വരുന്ന സാമ്പത്തിക ബാധ്യത SPSU, SCPS, DCPU, CWC, JJB എന്നീ കമ്പോണന്റുകളുടെത് ഐ.സി.പി.എസ്-ന്റെ ഹെഡ് ഓഫ് അക്കൗണ്ട് 2235-02-102-61(P)-34-OC യിലെ സ്റ്റേറ്റ് ഫണ്ടിൽ നിന്നും ORC പദ്ധതിയുടെ ചെലവുകൾ ORC ഹെഡ് ഓഫ് അക്കൗണ്ട് 2235-60-200-72(14)P-ൽ നിന്നും വഹിക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർ &
മെമ്പർ സെക്രട്ടറി SCPS

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. പ്രോഗ്രാം മാനേജർ SCPS
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
3. ICPS-4
4. ICPS-5
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12